*"ഭരണഭാഷ–മാതൃഭാഷ "*

*ഇ13–3909/2012*

*പഞ്ചായത്ത് ഡയറക്ടറേറ്റ്,*
*തിരുവനന്തപുരം, തിയതി: 17.12.2012*

*പ്രേഷിതൻ*
*പഞ്ചായത്ത് ഡയറക്ടർ*
*തിരുവനന്തപുരം.*

*സ്വീകർത്താവ്*
*എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും*

*സർ,*

***വിഷയം:–*** തദ്ദേശ സ്വയംഭരണ വകുപ്പ് – അക്കൗണ്ടന്റ് തസ്തിക നിയമനം നടത്തുന്നത് – സംബന്ധിച്ച്.

***സൂചന:–*** 1. ജി.ഒ.(എം.എസ്) 118/09/തസ്വഭവ തീയതി 26.06.2009 നമ്പർ ഉത്തരവ്.
2. ഈ ആഫീസിലെ 09.11.2010 തീയതിയിലെ ഇ8–28/10 നമ്പർ ഉത്തരവ്.

മേൽ വിഷയം സംബന്ധിച്ച സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (1) പ്രകാരം രൂപീകൃതമായ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് നിയമനം ആഗ്രഹിക്കുന്ന യു.ഡി.ക്ലാർക്ക് തസ്തികയിലുള്ള സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 4620 മുതൽ 5000 വരെയുള്ളവരിൽ നിന്നും ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിലുള്ള ഡിക്ലറേഷൻ വാങ്ങി സീനിയോറിറ്റി നമ്പർ രേഖപ്പെടുത്തി പ്രത്യേകമായി തയ്യാറാക്കിയ ലിസ്റ്റും ഡിക്ലറേഷൻ അസ്സലും സഹിതം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. യു.ഡി.ക്ലാർക്കുമാർ ഡിക്ലറേഷൻ അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ട അവസാന തീയതി 26.12.2012–ഉം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഡിക്ലറേഷനും പ്രത്യേകമായി തയ്യാറാക്കിയ ലിസ്റ്റും ആമുഖ കത്ത് സഹിതം പ്രത്യേക ദൂതൻ മുഖേന ഈ ആഫീസിൽ നേരിട്ട് ലഭ്യമാക്കേണ്ട തീയതി 27.12.2012–ഉം ആയിരിക്കുന്നതാണ്. ഡിക്ലറേഷൻ നൽകേണ്ട വിവരം ബന്ധപ്പെട്ട എല്ലാ ജീവനക്കാരെയും അറിയിച്ച് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

നിശ്ചയിച്ച മാതൃകയിലുള്ള ഡിക്ലറേഷന്റെ പകർപ്പും ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

*വിശ്വസ്തതയോടെ,*

*പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി*

ഐ.കെ

## ***DECLARATION***

## ***(Order No:E13-16001/2009 dated:17.12.2012)***

I hereby declare that I am willing to be appointed to the newly created post of Accountant as per G.O.(M.S)No:118/09/LSGD Dated:26.06.2009 in Grama Panchayats and that I will discharge all the duties and responsibilities attached to that post.

And that I will work as Accountant in any of the Grama Panchayat for a minimum period of 3 years from the date of such appointment, but for promotion or retirement on superannuation.

Signature :

Name& Designation
with present Station :

(Counter Signature by the Head of Office)